# Malayala Manorama
# 25 August 2018
# Kochi; Flood Disaster; Delys in Action,Enterpreneurs Concerned

## പ്രളയദുരിതം: നടപടികൾ വൈകുന്നു, ചെറുകിട സംരംഭകർ ആശങ്കയിൽ

**പിങ്കി ബേബി**

കൊച്ചി ● പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട ചെറുകിട കച്ചവടക്കാരുടെയും സംരംഭകരുടെയും പുനരധിവാസത്തിനുള്ള നടപടികളൊന്നും ഇതുവരെ തുടങ്ങാനായില്ല. എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, പാലക്കാട് ജില്ലകളിൽ മുഴുവൻ സ്റ്റോക്കുകളും നശിച്ചുപോയ ഒട്ടേറെ സ്ഥാപനങ്ങളാണുള്ളത്. നഷ്ടം തിട്ടപ്പെടുത്താനോ, സ്ഥാപനങ്ങൾ സന്ദർശിക്കാനോ അധികൃതർ എത്തിയിട്ടില്ലെന്നു കച്ചവടക്കാർ പറയുന്നു.

ഇൻഷുറൻസ് ഇല്ലാത്ത കച്ചവടക്കാരും സംരംഭകരുമാണ് ഏറെ കഷ്ടപ്പെടുന്നത്. അതേസമയം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരോടു നഷ്ടം കൃത്യമായി രേഖപ്പെടുത്തി നൽകാൻ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് ആവശ്യപ്പെട്ടതായി കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ദാമോദർ അവണൂർ പറഞ്ഞു.

ഇൻഷുറൻസ് രേഖകൾ പ്രളയത്തിൽ നശിച്ചുപോയാലും പരിരക്ഷ ലഭിക്കുമെന്നു കമ്പനികൾ വ്യക്തമാക്കി. ബാങ്ക് വായ്പ എടുത്ത ചെറുസംരംഭകർക്കും കച്ചവടക്കാർക്കും ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. പക്ഷേ, പ്രകൃതിദുരന്തങ്ങൾ പല ഇൻഷുറൻസിലും കവർ ചെയ്യപ്പെട്ടിട്ടുണ്ടാവില്ല എന്ന സാങ്കേതിക പ്രശ്നമുണ്ട്.

വലിയ പ്രീമിയം തുക അടയ്ക്കേണ്ടതിനാൽ ഇൻഷുറൻസ് എടുക്കാത്ത ഒട്ടേറെ ചെറു സംരംഭകരും കച്ചവടക്കാരുമുണ്ട്.

കച്ചവടസ്ഥാപനങ്ങളെല്ലാം ഓണത്തിനു മുന്നോടിയായി സ്റ്റോക്ക് ശേഖരിച്ചിരുന്നതിനാൽ വലിയ നഷ്ടമാണു പ്രളയം മൂലമുണ്ടായത്. ഇതിനിടെ ജിഎസ്ടിക്കൊപ്പം 10 ശതമാനം സെസ് കൂടി ഏർപ്പെടുത്താനുള്ള സംസ്ഥാന സർക്കാർ തീരുമാനവും കച്ചവടക്കാർക്കു വലിയ തിരിച്ചടിയാകും.

വീടുകളിലേക്കുള്ള പുനഃപ്രവേശനത്തിൽ ശ്രദ്ധയൂന്നുന്നതിനാൽ റവന്യൂ ഉദ്യോഗസ്ഥരും മറ്റും കച്ചവടക്കാരുടെ നഷ്ടങ്ങൾ തിട്ടപ്പെടുത്താനുള്ള ശ്രമങ്ങളൊന്നും നടത്തുന്നില്ലെന്നു കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന സെക്രട്ടറി കെ. ഹസൻകോയ പറഞ്ഞു. നഷ്ടങ്ങളുടെ കണക്കുകൾ അസോസിയേഷനുകളോടോ കച്ചവടക്കാരോടോ ഉദ്യോഗസ്ഥർ ഇതുവരെ ചോദിച്ചിട്ടില്ല.

സർക്കാർ ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടില്ല. സ്വന്തം നിലയിൽ നഷ്ടങ്ങളുടെ കണക്കുകൾ രേഖപ്പെടുത്തി വില്ലേജ് ഓഫിസുകൾ മുഖേന കലക്ടർക്കു സമർപ്പിക്കണമെന്നു കച്ചവടക്കാരോട് അസോസിയേഷനുകൾ ആവശ്യപ്പെട്ടിട്ടുണ്ട്.